എസ്.എ(3) 36973/10

കൃഷി ഡയറക്ടറേറ്റ്,
തിരുവനന്തപുരം,
തീയതി. 13.12.2013.

## സർക്കുലർ

വിഷയം- കൃഷി വകുപ്പ്- കൃഷി വകുപ്പ് കാര്യാലയത്തിൽ അക്കൌണ്ടന്റ് ജനറൽ നടത്തിയ ആഡിറ്റ് പരിശോധന-ആഡിറ്റ് തടസ്സവാദം-സ്റ്റേറ്റ് ഇൻഷ്വറൻസ് പ്രീമിയം പുതുക്കുവാനുള്ള നടപടികൾ-കർശന നിർദ്ദേശം നൽകിക്കൊള്ളുന്നു.

സൂചന- 1. ഗവ.ഉത്തരവ് ജി.ഒ.(പി) 104/2012/Fin 9.2.12.
2. (ആഡിറ്റ് പാരാ നം.14) AG(ERSA) EC11(C&F) VD/11-34-10-11/183 25.7.13 ആയിട്ടുള്ള അക്കൌണ്ടന്റ് ജനറൽ തൃശ്ശൂരിന്റെ ആഡിറ്റ് തടസ്സവാദങ്ങൾ.
3. ആഡിറ്റ് 1V(3) 49332/10 ആയി 3.9.13 ൽ ലഭിച്ച കുറിപ്പ്.

മേൽ സൂചിത ഗവൺമെന്റ് ഉത്തരവിലൂടെ സർക്കാർ ഉദ്യോഗസ്ഥരുടെ സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസി പ്രീമിയം തുകയുടെ മിനിമം തുക താഴെ പറയുന്ന പ്രകാരം 1.4.12 മുതൽ പുതുക്കി നിശ്ചയിച്ചിരിക്കുന്നു.

| നം. | ശമ്പള നിരക്ക് | നിലവിലുള്ള SLI പ്രീമിയം(അടിസ്ഥാന നിരക്ക്) | പുതുക്കി നിശ്ചയിച്ച അടിസ്ഥാന നിരക്ക് |
|---|---|---|---|
| 1 | അടിസ്ഥാന ശമ്പളം 9189 രൂപ വരെ | 120 | 150 |
| 2 | അടിസ്ഥാന ശമ്പളം 9190-18739 | 175 | 225 |
| 3 | അടിസ്ഥാന ശമ്പളം18740-29179 | 300 | 375 |
| 4 | അടിസ്ഥാന ശമ്പളം 29180 ന് മുകളിൽ | 350 | 450 |

ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ഗവൺമെന്റ് /ഒഫിഷ്യൽ വെബ്സൈറ്റിൽ കാണാവുന്നതാണ്. (ഫിനാൻസ് വകുപ്പ്)

അക്കൌണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും സൂചന (2) പ്രകാരം അയച്ചുതന്ന പരിശോധനാ റിപ്പോർട്ടിലെ തടസ്സവാദം അനുസരിച്ച് നിരവധി

ജീവനക്കാരുടെ SLI പോളിസിയിലെ അടിസ്ഥാന നിരക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിലും താഴെയാണെന്ന് കാണുന്നതായും ഇത്തരത്തിൽ കുറഞ്ഞ നിരക്ക് SLI പോളിസി പ്രീമിയം അടക്കുന്ന ജീവനക്കാർക്ക് അടിയന്തിരമായി അധിക പോളിസി (Additional policy) എടുപ്പിക്കേണ്ടതിനുള്ള നിർദ്ദേശവും നൽകിയിരുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ കൃഷി ഡയറക്ടറാഫീസിലെ ജീവനക്കാരിൽ SLI പോളിസികളിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ താഴെ മാത്രം തുക അടക്കുന്ന ജീവനക്കാരോട് അഡീഷണൽ പോളിസി എടുത്ത് നിശ്ചിത തുകയ്ക്കോ അതിന് മുകളിലോ ഉള്ള തുകയ്ക്കോ ഉള്ള പോളിസികൾ എടുക്കുവാനുള്ള അപേക്ഷകൾ അടിയന്തിരമായി SG II സെക്ഷനിൽ നൽകുവാൻ നിർദ്ദേശം നൽകിക്കൊള്ളുന്നു.

കൃഷി ഡയറക്ടറാഫീസിലെ നോൺ ഗസറ്റഡ് ജീവനക്കാരിൽ നിശ്ചിത തുകയ്ക്ക് താഴെ മാത്രം SLI പ്രീമിയം അടക്കുന്ന ജീവനക്കാരുടെ വിവരം അക്കൌണ്ട്സ് സെക്ഷൻ SG II / S.A എന്നീ സെക്ഷനുകളെ അടിയന്തിരമായി അറിയിക്കേണ്ടതാണ്.

ജില്ലാതല ആഫീസുകളിലും കൃഷി ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണ ത്തിലുള്ള ആഫീസ് തലവൻമാരും ഈ സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ കീഴിലുള്ള ജീവനക്കാരുടെ SLI നിരക്കുകൾ ഗവൺമെന്റ് ഉത്തരവിൽ പറഞ്ഞിരിക്കുന്ന നിരക്കിൽ താഴെയാണെങ്കിൽ ടി ജീവനക്കാരുടെ അഡീഷണൽ SLIC പോളിസി എടുപ്പിക്കുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

കൃഷി വകുപ്പ് കാര്യാലയത്തിലെ O&M വിഭാഗം ജില്ലാതല/ഫീൽഡ് തല O&M പരിശോധന നടത്തുമ്പോൾ ടി ഓഫീസുകളിലെ ജീവനക്കാരുടെ SLI പ്രീമിയ നിരക്കുകൾ സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന നിരക്കുകൾക്ക് അനുസൃത മാണോ എന്ന് പരിശോധിക്കേണ്ടതും, പോരായ്മകൾ ഉണ്ടെങ്കിൽ പരിശോധനാ കുറിപ്പുകളിൽ ഉൾക്കൊള്ളിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

ഈ സർക്കുലർ നിർദ്ദേശം കൃഷി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.krishi director.gov.in ൽ ലഭ്യമാകുന്നതാണ്.

ഈ സർക്കുലർ നിർദ്ദേശം വെബ്സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്ത് കോപ്പിയെടുത്ത് ബന്ധപ്പെട്ട ജീവനക്കാരുടെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതും അതിനനുസൃതമായിട്ടുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

കൃഷി ഡയറക്ടർക്കുവേണ്ടി.

Senior Superintendent
SA Section
Directorate of Agriculture
Thiruvananthapuram - 33

To

കൃഷി ഡയറക്ടറാഫീസിലെ എല്ലാ ജീവനക്കാർക്കും

കോപ്പി- 1. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും,
കൃഷി ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള മറ്റ് ഓഫീസ് തലവൻമാർക്കും.
2. കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ.റ്റി.സെൽ) വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. ആഡിറ്റ് 1V/SG11/Accounts/O&M സെക്ഷനുകൾക്ക്.
4. C.A to DA/SAO/SFO
5. അക്കൌണ്ട്സ് ഓഫീസർ ആഡിറ്റ്.
6. നോട്ടീസ് ബോർഡ്.

എ.24.12.2013.